"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in



കേരള പ്രിസൺസ്
&കറക്ഷണൽ സർവ്വീസസ്

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം
0471-2342532
keralaprisons@gov.in

നടപടികൾ

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം - കെ.പി.എസ്.സി-യുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 12.10.2026 ലെ കെ.പി.എസ്.സി കൊല്ലം മേഖലാ ഓഫീസിൽ നിന്നുള്ള നിന്നുള്ള KLRIV(1)566541/2022 എന്ന നമ്പർ അഡ്വൈസ് ലെറ്റർ

ഉത്തരവ് നമ്പർ: KPCS/1728/2025-E5; തീയതി: 25-11-2026

ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥിയെ പരാമർശ പ്രകാരം കേരള പി എസ് സി അഡ്വൈസ് ചെയ്തിരിക്കുന്നു. പ്രസ്തുത ഉദ്യോഗാർത്ഥിക്ക് ജയിൽ വകുപ്പിൽ നിലവിലുള്ള അസിസ്റ്റൻ്റ് പ്രിസൺ ഓഫീസർ തസ്തികയിലെ ഒഴിവിലേക്ക് താത്കാലികമായി 27900 - 63700/- രൂപാ ശമ്പള സ്കെയിലിൽ ചുവടെ ചേർക്കുന്ന പ്രകാരം നിയമന ഉത്തരവ് നൽകുന്നു.

Sl No	NAME	ADDRESS	POSTING
1.	NITHUL N	MADAMBIKAD KAVASSERY ALATHUR PALAKKAD 678543	CENTRAL PRISON THAVANUR

2. മേൽ ഉദ്യോഗാർത്ഥി ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് മുമ്പാകെ ഈ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം താഴെ പറയുന്നവയുടെ ഒറിജിനൽ രേഖകളുമായി ഫുൾ യൂണിഫോമിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരാകേണ്ടതാണ്. യോഗ്യത, ജനന തീയതി, ജാതി എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രം, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (സാമുദായിക സംവരണത്തിന് അർഹതയുണ്ടെങ്കിൽ), അടുത്തിടെ എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ.

3. കൂടാതെ കേരള സർവീസസ് പാർട്ട് 1 റൂൾ 13 അനുശാസിക്കുന്ന വിധം (ജി.ഒ.(പി) നം. 20/2011/പി&എആർഡി തീയതി 30.06.2011) സർക്കാർ സർവീസിലുള്ള സിവിൽ സർജൻ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്, ഏതെങ്കിലും ഗസറ്റഡ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയ സ്വഭാവ സർട്ടിഫിക്കറ്റ്, കേരള പി എസ് സി യിൽ നിന്നുള്ള ഒറ്റ തവണ പരിശോധനാ സാക്ഷ്യപത്രത്തിൻ്റെ ഒറിജിനൽ എന്നിവ ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ അഡ്വൈസ് 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ്

സർവീസ് റൂൾസിലെ റൂൾ 3 (സി) യിലെ ജനറൽ റൂൾസിന് വിധേയമായിരിക്കും. നിയമനം താത്കാലികമായിരിക്കും (ക്ലാസ് (1) സബ് റൂൾ (എ) റൂൾ 9, ജനറൽ റൂൾസ് - 05.03.1974 ലെ ജി.ഒ.(പി) നം. 49/74/പിഡി). ജോലിയിൽ പ്രവേശിക്കുവാൻ വരുന്ന സമയത്ത് പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള പ്രഫോമ (അനുബന്ധം - 1) പൂരിപ്പിച്ച് നൽകേണ്ടതാണ്. കേരള പി.എസ്.സി വെരിഫിക്കേഷന്റെയും പോലീസ് പരിശോധന റിപ്പോർട്ടിനും വിധേയമായിട്ടായിരിക്കും ഈ താൽക്കാലിക നിയമനം സ്ഥിരപ്പെടുത്തുന്നത്.

4. ഏതെങ്കിലും കാരണത്താൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം നിയമന ശിപാർശ ചെയ്ത കേരള പി.എസ്.സി ഓഫീസിൽ പുനർ നിയമനത്തിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതോ അല്ലെങ്കിൽ വകുപ്പിൽ പ്രസ്തുത തസ്തികയിൽ ഒഴിവ് വരുന്നത് വരെ നിരീക്ഷണാർത്ഥിയായി തുടരാവുന്നതോ ആണ് (സർക്കാർ സർക്കുലർ മെമ്മോറാണ്ടം No.3737/Rules-1/90/P&ARD dated. 29.03.1990 & GO(P) No.7/91/P&ARD dated: 15.02.1991)

5. സർവ്വീസിൽ പ്രവേശിച്ച ശേഷം സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തുന്നത് സംബന്ധിച്ച് 30.12.1991 - ലെ G.O(P) No. 45/91/P&ARD എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ (ബാധകമാകുന്നുവെങ്കിൽ) പാലിക്കേണ്ടതാണ്.

6. 15.11.2016-ലെ G.O(P) No. 171/2016/Fin, 18.11.2018-ലെ G.O(P) No.16/2018/P&ARD എന്നിവയിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം സ്ഥാവര ജംഗമ സ്വത്ത് വിവരങ്ങളുടെ വിശദാംശങ്ങൾ സർവീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനായി അവ നിർദ്ദിഷ്ട പ്രൊഫോർമയിൽ പൂർണമായി പൂരിപ്പിച്ച് ജോലിയിൽ പ്രവേശിക്കുവാൻ വരുന്ന സമയത്ത് നൽകേണ്ടതാണ്.

7. നിശ്ചിത സമയത്തിനുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ മുന്നറിയിപ്പില്ലാതെ നിയമനം റദ്ദ് ചെയ്യുന്നതും വിവരം കെ.പി.എസ്.സി-യെ അറിയിക്കുന്നതുമായിരിക്കും.

S Sreejith IPS
DIRECTOR GENERAL

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗാർത്ഥി (രജിസ്റ്റേർഡ് തപാൽ A/D മുഖേന)

പകർപ്പ്:
1) ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് (ഉദ്യോഗാർത്ഥിയുടെ അഡ്രസ് കത്തിന്റെ പകർപ്പ്, ഒറ്റത്തവണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യുന്നു. പരാമർശിച്ചിരിക്കുന്ന രേഖകൾ ഉദ്യോഗാർത്ഥി ഹാജരാക്കുന്ന ഒറിജിനലുമായി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും മേൽ ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഉദ്യോഗാർത്ഥിയുടെ സ്ഥാവര ജംഗമ സ്വത്ത് വിവരങ്ങളുടെ വിശദാംശങ്ങൾ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്).
2) ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര / മദ്ധ്യ/ ദക്ഷിണ മേഖല
3) ടെക്നിക്കൽ സെൽ

Digitally signed by
Dinesh Bhagavathi Pillai
Date: 25-11-2026
10:29:55

4) ഓഫീസ് കോപ്പി